ATTACHED
03/12/21...

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1599*(2)/2019*/*എസ്.ഐ.സി.*** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **11767**/*എസ്.ഐ.സി-ജി 6/2019*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എ.കെ. മുഹമ്മദ് അഷ്റഫ്,
സ്റ്റേറ്റ് ജനറൽ സെക്രട്ടറി,
ജനമിത്രം കുടുംബക്ഷേമ നീതിവേദി,
അബ്ബാ ആർക്കേഡ്, ഈസ്റ്റ് കോട്ടപ്പറമ്പ്,
കോഴിക്കോട് – 673 001.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ,
   പുതുപ്പാടി വില്ലേജ് ഓഫീസ്, പുതുപ്പാടി (പി.ഒ),
   കോഴിക്കോട് – 673 586.
2. അപ്പീൽ അധികാരി & തഹസിൽദാർ(ഭൂരേഖ),
   താലൂക്ക് ഓഫീസ്, താമരശ്ശേരി,
   കോഴിക്കോട് – 673 573.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 28/03/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 25/04/2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 13/05/2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 04/06/2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 09/07/2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 10/07/2019 |
| ഹിയറിംഗ് നടന്ന തീയതി | 06/11/2021 - ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.കെ. മുഹമ്മദ് അഷ്റഫ് 09/07/2019 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 10/07/2019 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 1599(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, വിവരാവകാശ അപേക്ഷക്കും, ഒന്നാം അപ്പീലിനും അപൂർണമായ മറുപടിയാണ് ലഭ്യമാക്കിയത് എന്ന ആക്ഷേപമാണ്.

3. അപ്പീൽ ഹർജിക്കാരൻ 28/03/2019-ൽ സമർപ്പിച്ച അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 25/04/2019-ന് മറുപടി നൽകിയിട്ടുണ്ട്.

4. ഹർജിക്കാരന്റെ 13/05/2019-ലെ അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി 04/06/2019-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 24/10/2019 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ സ്വീകരിക്കുകയും 29/05/2019-ന് കക്ഷിയെ വിചാരണക്ക് ഹാജരാവുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും വിചാരണക്ക് ഹാജരാകാൻ കഴിയില്ലെന്ന് അറിയിച്ചുകൊണ്ട് മറുപടി സമർപ്പിക്കുകയാണുണ്ടായതെന്നും തുടർന്ന് ടി അപ്പീൽ സംബന്ധിച്ച് പുതുപ്പാടി വില്ലേജ് ഓഫീസറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയും പ്രസ്തുത റിപ്പോർട്ടും, വില്ലേജ് ഓഫീസർ നൽകിയ വിവരാവകാശ നിയമപ്രകാരമുള്ള മറുപടിയും പരിശോധിച്ച് 04/06/2019 തീയതി അപ്പീൽ തീർപ്പാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ടെന്നും പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്.

വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷക്ക് എസ്.പി.ഐ.ഒ നൽകിയ മറുപടിക്കെതിരെ മാത്രമല്ല മറിച്ച്, പുതിയതായ വിവരങ്ങൾ കൂടി അപ്പീൽ അപേക്ഷയിൽ ഉൾപ്പെടുത്തിയിരുന്നുവെന്നും ആയത് പരിഗണിക്കാൻ നിർവ്വാഹമില്ല എന്നും കൂടാതെ അപേക്ഷകൻ ആവശ്യപ്പെട്ടതായ പുതുപ്പാടി വില്ലേജിലെ റീ.സ. 150/1, 87/1, 87 എന്നീ ഭൂമിയിൽ ഏതെല്ലാം വ്യക്തികൾ എത്രവീതം ഭൂമി കൈവശം വെക്കുന്നു~~ണ്ടെന്നും~~ എന്നതിന് പി.ഐ.ഒ നൽകിയ മറുപടി വ്യക്തമല്ലാത്തതിനാൽ റെലിസ് സോഫ്റ്റ്വെയറിൽ ലഭ്യമായ വിവരങ്ങൾ അപേക്ഷകന് കൈമാറേണ്ടതാണെന്ന് പി.ഐ.ഒ-ക്ക് നിർദ്ദേശവും നൽകി

കൊണ്ടാണ് പ്രസ്തുത അപ്പീൽ തീർപ്പുകൽപിച്ചിട്ടുള്ളതെന്നും, അപേക്ഷകൻ രണ്ടാം അപ്പീലിൽ ഉന്നയിച്ച പ്രകാരം വിവരാവകാശ ഓഫീസറുടെയോ അപ്പീൽ അധികാരിയുടെ ഭാഗത്തു നിന്നും യാതൊരു വിധത്തിലുള്ള മന:പൂർവ്വമായ വീഴ്ച്ചയും കാലതാമസവും ഉണ്ടായിട്ടില്ലെന്നും ഒന്നാം അപ്പീൽ പരാതി യഥാവിധി തീർപ്പുകൽപ്പിച്ചിട്ടുണ്ടെന്നുമാണ് ബോധിപ്പിച്ചിട്ടുള്ളത്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെ കേട്ടതിലും, അപ്പീൽ അധികാരിയുടെ അപ്പീൽ തീർപ്പാക്കിയ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ വിവരങ്ങളും ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം **2021 നവംബർ 06-ാം** തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV